കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# കോടതിവിധിയുടെ പ്രതിഫലനങ്ങൾ

**മാവോവാദി** ബന്ധം ആരോപിച്ച് പോലീസ് അറസ്റ്റുചെയ്ത് പീഡിപ്പിച്ചതിനെതിരെ എഴുത്തുകാരനും കർഷകനുമായ ശ്യാം ബാലകൃഷ്ണൻ നൽകിയ ഹർജി പരിഗണിച്ചുകൊണ്ട് അടുത്തിടെ ഹൈക്കോടതി പുറപ്പെടുവിച്ച വിധി ജനാധിപത്യ സമൂഹത്തിന് ഏറെ ആശ്വാസകരമായ ഒന്നാണ്. 2014 മെയിൽ ശ്യാമിനെ അറസ്റ്റ് ചെയ്തതിനെ തുടർന്ന് കേരളീയത്തിൽ വന്ന അഭിമുഖത്തിലൂടെയാണ് ഈ വിഷയം ആദ്യം ശ്രദ്ധയിൽപ്പെടുന്നത്. ആ അഭിമുഖത്തിൽ ചർച്ച ചെയ്ത ഒരു കാര്യം ഇപ്പോഴും ഓർക്കുന്നു. ഒന്നുകിൽ ഭരണകൂടത്തിന്റെ എല്ലാ അവകാശവാദങ്ങളെയും അംഗീകരിച്ച് വിനീതരാവുക, അല്ലെങ്കിൽ മാവോയിസ്റ്റാവുക എന്നീ രണ്ട് സാധ്യതകൾ മാത്രമാണുള്ളത് എന്ന സ്ഥിതി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു സാധ്യതകൾക്കിടയിൽ മറ്റിടങ്ങളൊന്നും ഇല്ലെന്ന മിഥ്യ ഭരണകൂടം തന്നെ രൂപപ്പെടുത്തുന്നു. ഇവയ്ക്കിടയിലായി വൈവിധ്യമാർന്ന ജനാധിപത്യ ഇടങ്ങൾ ധീരമായി വികസിപ്പിക്കുക എന്നതു തന്നെയാണ് ഇത്തരം അസംബന്ധങ്ങൾക്കുള്ള മറുപടി എന്ന് ശ്യാം അന്ന് പറഞ്ഞിരുന്നു. അത്തരത്തിലുള്ള ഒരു ജനാധിപത്യ ഇടത്തിന്റെ വികാസത്തിലേക്കുള്ള ഒരു പടിയായിത്തന്നെ ഈ നിയമപോരാട്ടത്തെ കാണേണ്ടതുണ്ട്. കാരണം, ധാർഷ്ട്യത്തിന്റെ പര്യായമായി മാറിയിരിക്കുന്ന, സൈനീക ഭരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഭരണകൂടത്തിന്റെ ഹിംസകളെ പ്രതിരോധിക്കാൻ ഈ വിധി നിരാലംബരായ ജനങ്ങൾക്ക് ഒരു ഉപാധിയായി മാറുന്നു. ഈ വിധി ജനങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. ജനങ്ങളുടെ നൈസർഗികമായ അവകാശങ്ങളെയാണ് ഉയർത്തിക്കാണിക്കുന്നത്. ചിന്തിക്കാനുള്ള അവകാശം എന്ന അടിസ്ഥാന മൗലികാവകാശത്തിന്റെ പേരിൽ ഒരാളുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്താൻ കഴിയില്ല എന്നാണ് കോടതി പറയുന്നത്.

മാവോവാദത്തെ നേരിടാനെന്ന പേരിൽ എല്ലാ വിമതശബ്ദങ്ങൾക്ക് നേരെയും കടന്നുകയറാൻ സജ്ജമായിക്കൊണ്ടിരിക്കുന്ന കേരള പോലീസും അത്തരം നടപടികളെ സാധൂകരിക്കുന്ന ആഭ്യന്തര മന്ത്രിയും മനസ്സിരുത്തി വായിക്കേണ്ടതാണ് ഈ വിധി. ശ്യാമിനെ പിടികൂടിയതിനെ ന്യായീകരിക്കുന്നതിനും ഇത്തരം നടപടികൾ വളരെ സ്വാഭാവികമാണെന്ന് വരുത്തിത്തീർക്കുന്നതിനുമാണ് പോലീസ് ശ്രമിച്ചത്. അസത്യപ്രചരണം നടത്തിക്കൊണ്ട് സ്വന്തം ചെയ്തിയെ സാധൂകരിക്കുന്നതിനുള്ള ശ്രമവും പോലീസ് കോടതിയിൽ നടത്തി. ഇത് ഒറ്റപ്പെട്ട കാര്യമല്ല. ശരിയായ തെളിവുകൾ ഇല്ലാതിരിക്കുമ്പോൾ ഇരയ്ക്കുചുറ്റും സംശയത്തിന്റെ കാർമേഘം സൃഷ്ടിക്കുക എന്നത് പോലീസിന്റെയും സ്റ്റേറ്റിന്റെയും പയറ്റിത്തെളിഞ്ഞ തന്ത്രമാണെന്ന് ഡൽഹിയിൽ നിന്നും 2014 മെയ് 9ന് അറസ്റ്റുചെയ്യപ്പെട്ട ഡോ. ജി.എൻ. സായിബാബയെക്കുറിച്ച് അരുന്ധതി റോയ് അടുത്തിടെ 'ഔട്ട്ലുക്ക്' മാസികയിൽ എഴുതിയ ലേഖനത്തിൽ ഉദാഹരണങ്ങൾ സഹിതം ചൂണ്ടിക്കാണിക്കുന്നുണ്ട്. ഭരണഘടനാതത്വങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഒരു സർക്കാറിൽ നിന്നും ഉണ്ടാകാൻപാടില്ലാത്ത അത്തരം ദുഷ്ചെയ്തികൾക്ക് നല്ല മറുപടി ശ്യാമിന്റെ കേസിലെ ഹൈക്കോടതി വിധി കൊടുക്കുന്നുണ്ട് എന്നത് ആശ്വാസകരമാണ്. അധികാരം പ്രയോഗിക്കുമ്പോൾ കുറേക്കൂടി ബുദ്ധിയും വിവേകവും കാണിക്കണം എന്ന് കോടതി പറഞ്ഞിട്ടും ആ രീതിയിലുള്ള ഒരു നടപടി സർക്കാറിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല എന്നതാണ് സത്യം. ഹൈക്കോടതി വിധി നടപ്പിലാക്കുക പ്രായോഗികമല്ലെന്നും, അതിനാൽ അപ്പീൽ പോകുമെന്നും ആഭ്യന്തര മന്ത്രി എടുത്തുചാടി പ്രസ്താവിച്ചതുതന്നെയാണ് അതിന് തെളിവ്. കോടതി വിധി നടപ്പിലാക്കുക എന്നത് പ്രായോഗികമല്ല എന്ന് പറയുന്ന ആഭ്യന്തരമന്ത്രി, പൗരന്റെ ഭരണഘടനാപരമായ അവകാശങ്ങളെ മാനിക്കുക എന്നത് അത്ര പ്രായോഗികമല്ല എന്നാണ് ഫലത്തിൽ പറഞ്ഞുവയ്ക്കുന്നത്. ബുദ്ധിയും വിവേകവും കാണിക്കണം എന്ന് കോടതി പറഞ്ഞത്, അധികാരം അത്രമാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഒരു ഭരണവ്യവസ്ഥയെ സംബന്ധിച്ച് പ്രായോഗികമല്ല എന്നതാണ് വാസ്തവം. എന്തായാലും ഈ വിധി ഇത്തരം നിയമപോരാട്ടങ്ങൾ തുടരേണ്ടുന്നതിന്റെ പ്രാധാന്യം തന്നെയാണ് നമ്മൾ നിരാലംബർക്ക് മുന്നിൽ തുറന്നുകാണിക്കുന്നത്. മാവോവാദ ബന്ധം ആരോപിച്ച് അറസ്റ്റിലായവർക്കും പോലീസിന്റെ അധികാര പ്രയോഗങ്ങളെ അനുദിനം നേരിടുന്ന എല്ലാ സാധുക്കൾക്കും ഈ വിധി വഴിതെളിച്ചുതരുന്നുണ്ട്.

എന്നാൽ ഇതേ സമയത്തുതന്നെയാണ്, ഇന്ത്യയുടെ മറ്റൊരു കോണിൽ നിയമവിരുദ്ധ സേനയായ സാൽവാജുദൂം പിരിച്ചുവിടണമെന്ന 2011 ജൂലായ് 5ന്റെ സുപ്രീം കോടതിയെ വിധിയെ മറികടന്നുകൊണ്ട് സാൽവാജുദൂം -2 രൂപീകൃതമാകുന്നത്. ചില കോടതിവിധികൾക്ക് വിധികളായിത്തുടരാനാകും വിധി!.

**ജോൺസി മറ്റത്തിൽ, പ്രവിത്താനം, കോട്ടയം**


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം :
10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446576943